**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 - 2525300

**വിജ്ഞാപനം**

**കീം-2025**
**എം.ബി.ബി.എസ്. സീറ്റുകളിൽ യൂനാനി/സിദ്ധ ബിരുദധാരികളുടെ സംവരണത്തെയും , എൻ.ആർ.ഐ. ക്ലെയിം ലഭിക്കുന്നതിന് പരിഗണിക്കുന്ന രേഖകളെയും സംബന്ധിച്ച്**

കീം പ്രോസ്‌പെക്ടസ് 2025 ക്ലോസ് 5.2.7, 5.2.8(i) എന്നിവ പ്രകാരം എം.ബി.ബി.എസ്. പ്രവേശനത്തിനായി ആയുർവേദ, ഹോമിയോപ്പതി ബിരുദധാരികൾക്ക് യഥാക്രമം 7,4 എന്ന രീതിയിൽ സീറ്റ് സംവരണം നിലവിലുണ്ട്.

ആയുർവേദ, ഹോമിയോപ്പതി ബിരുദധാരികൾക്ക് നിലവിൽ അനുവദിച്ചിട്ടുള്ള 11 സംവരണ സീറ്റുകൾ 2025 അധ്യയന വർഷം മുതൽ ഒറ്റ യൂണിറ്റായി കണക്കാക്കി പ്രസ്തുത സീറ്റുകളിലേയ്ക്ക്പൊതു പ്രവേശന പരീക്ഷയിൽ (NEET) ഏറ്റവും ഉയർന്ന റാങ്ക് നേടുന്ന ആയുർവേദ, ഹോമിയോപതി , സിദ്ധ ,യുനാനി ബിരുദദാരികൾക്ക് പ്രവേശനം നൽകുന്നതിന് 05.03.2025 ലെ സ.ഉ.(സാധാ)നം.653/2025/H&FWD ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവ് നൽകിയിരിക്കുന്നു .

ആയതിൻ പ്രകാരം, മേൽ എം.ബി.ബി.എസ്. സീറ്റുകളിലേയ്ക്ക് ക്ലെയിം ഉന്നയിക്കുന്ന BUMS, BSMS ബിരുദധാരികൾ അവരുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഡിഗ്രി സർട്ടിഫിക്കറ്റ്, ഇന്റേർൺഷിപ്പ് സർട്ടിഫിക്കറ്റ് എന്നിവ **10.03.2025 വൈകുന്നേരം 5.00 മണിക്ക്** മുൻപായി ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്.

**എൻ.ആർ.ഐ. ക്ലെയിം ലഭിക്കുന്നതിനുള്ള രേഖകളെ സംബന്ധിച്ച്**

I. വിസയുടെ കാലാവധി പരാമർശിക്കുന്ന സിവിൽ ഐ.ഡി./റസിഡന്റ് പെർമിറ്റ്/റസിഡന്റ് ഐ.ഡി./ഇക്കാമ/ഇലക്ട്രോണിക് വിസ/എംപ്ലോയ്മെന്റ് വിസ/എൻടി വിസ തുടങ്ങിയ രേഖകൾ വിസയുടെ കാലാവധി സംബന്ധിച്ച രേഖകളായി പരിഗണിക്കുന്നതാണ്.

II. വിസാ കാലാവധി പരാമർശിക്കുന്നുണ്ടെങ്കിൽ ഇന്ത്യൻ എംബസിയോ, കോൺസുലേറ്റ് ജനറൽ ഓഫ് ഇന്ത്യയോ സാക്ഷ്യപ്പെടുത്തിയ രേഖകൾ പരിഗണിക്കുന്നതാണ്.

III. സ്പോൺസറുടെ വിസയിൽ തൊഴിലിന്റെ സ്ഥാനത്ത് House Wife/Student എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്തിയ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് നൽകുന്ന പക്ഷം ആയത് പരിഗണിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 2525300**

Signed by
Arun S Nair
Date: 07-03-2025 11:52:20

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
07-03-2025